പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 304 — 17.12.2015-ലെ മറുപടിക്ക്

നീതിന്യായ നിർവ്വഹണം കുറ്റമറ്റതാക്കൽ

ചോദ്യം
ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
ശ്രീ.റ്റി.എ.അഹമ്മദ് കബീർ
ശ്രീ.പി.ഉബൈദുള്ള
ശ്രീ.എൻ.എ.നെല്ലിക്കുന്ന്

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തെ ജയിലുകളിൽ ശിക്ഷ അനുഭവിക്കുന്നവരിൽ ഒരു ചെറിയ ശതമാനമെങ്കിലും നിരപരാധികളാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) മുൻ ജയിൽ വകുപ്പ് അദ്ധ്യക്ഷൻ ഡോ.അലക്സാണ്ടർ ജേക്കബ് IPS കണ്ണൂർ സെൻട്രൽ ജയിലിൽ വച്ച് നടത്തിയ ഒരു പരിപാടിയിൽ ജയിലുകളിൽ കഴിയുന്ന 20% പേർ നിരപരാധികൾ ആണെന്ന് പ്രസ്താവിച്ചതായി ചില പത്രമാധ്യമങ്ങൾ പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത റിപ്പോർട്ടുകൾ പ്രോസിക്യൂഷനെയും നീതിന്യായ സംവിധാനത്തെയും സംശയത്തോടെ വീക്ഷിക്കാൻ ഇടയാക്കുമെന്നതു പരിഗണിച്ച് ഇക്കാര്യത്തിൽ ഒരു വസ്തുതാപഠനത്തിന് നടപടി സ്വീകരിക്കുമോ; | ബി)യും (സി)യും : മുൻ ഡി.ജി.പി.യുടെ പ്രസ്താവന അദ്ദേഹത്തിന്റെ വ്യക്തിപരമായ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയതാകാം. ജയിലുകളിൽ കഴിയുന്ന തടവുകാർ വിവിധ കോടതികൾ ശിക്ഷിച്ചവരോ, കുറ്റം ചുമത്തപ്പെട്ട് റിമാന്റ് ചെയ്യപ്പെട്ടവരോ ആണ്. ഇവരിൽ നിരപരാധികളായ ആളുകൾ ഉണ്ടോ എന്നത് ഇവരുടെ കേസുകളിൽ കോടതികൾ അന്തിമമായി തീർപ്പ് കൽപ്പിക്കുന്നതുമായി ബന്ധപ്പെട്ടായിരിക്കും. ആയതിനാൽ പ്രസ്തുത റിപ്പോർട്ടുകൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിക്കേണ്ട ആവശ്യം ഇല്ല. |
| സി) ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുതെന്ന തത്വം പാലിക്കുന്ന നീതിന്യായ വ്യവസ്ഥയിൽ ഇത്തരം റിപ്പോർട്ടുകളുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിശദമായി പരിശോധിക്കുമോ? | |

സെക്ഷൻ ഓഫീസർ